## ബാലവേല നേരിടാനുള്ള നിയമങ്ങൾ

ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം ബാലവേല ചെയ്യിപ്പിച്ചതായി കണ്ടെത്തിയാൽ 6 മാസം മുതൽ 2 വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ 20000 (ഇരുപതി നായിരം) രൂപ മുതൽ 50000 (അൻപതിനായിരം) രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.

2015 ലെ ബാലനീതി നിയമ പ്രകാരം കുട്ടികളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെ 5 വർഷം വരെ തടവും 100000 (ഒരു ലക്ഷം) രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

1976 ലെ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്റ്റും നിലവിലുണ്ട്. ഇത് പ്രകാരം 2000 (രണ്ടായിരം) രൂപ വരെ പിഴയും 3 വർഷം തടവും ലഭിക്കാവുന്ന കുറ്റമാണ്.

Child & Adolescent Labour (Prohibition & Regulation) Act 1986.
Child & Adolescent Labour (Prohibition & Regulation) Act 2016.
Juvenile Justice (Care & Protection of Children) Act 2015.

## ബാലവേല ജില്ലയിൽ നിന്നും തുടച്ച് നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ജൂൺ 12 ന് അന്താരാഷ്ട്ര ബാലവേല ദിനാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ ഭരണകൂടവും, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും, ജില്ലാ പോലീസും, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയും, ചൈൽഡ് വെൽഫെയർ കമ്മറ്റിയും, ജില്ലാ ലേബർ ഓഫീസും, ചൈൽഡ്‌ലൈനും സംയുക്തമായി പൊതുജന പങ്കാളിത്തത്തോടെ ബാലവേല ജില്ലയിൽ ഇല്ല എന്ന് ഉറപ്പു വരുത്തുന്നു.

സന്നദ്ധ സംഘടനകളുടെയും എസ്.പി.സി, എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, പൊതു ജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ജില്ലയിൽ ബാലവേല യിൽ ഉൾപ്പെടുന്നതും ബാലവേലയാണെന്ന് സംശയിക്കപ്പെടുന്നതുമായ എല്ലാ കേസുകളും റിപ്പോർട്ട് ചെയ്യുന്നതോട് കൂടി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ചൈൽഡ്‌ലൈൻ എന്നിവർ അന്വേഷണം നടത്തി കുട്ടികൾ ബാലവേലയിൽ ഏർപ്പെടുന്നുണ്ടെങ്കിൽ അവരെ ഏറ്റെടുത്ത് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുകയും ജില്ലയെ ബാലവേല ഇല്ലാത്ത ജില്ലയായി ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

18 വയസിന് താഴെയുള്ള ഏതൊരാളും കുട്ടിയാണ്

ജൂൺ
12

# ലോക ബാലവേല വിരുദ്ധ ദിനം



കുട്ടികളുടെ
അവകാശ സംരക്ഷണവും
ഉത്തമ താൽപര്യ സംരക്ഷണവും
ഉറപ്പ്‌വരുത്തുന്നതിനായി...

**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**
3-ാം നില, മിനി സിവിൽ സ്റ്റേഷൻ
മഞ്ചേരി, മലപ്പുറം ജില്ല 676 121
ഫോൺ: 0483 2978888
dcpumpm@gmail.com

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്
സംയോജിത ബാല സംരക്ഷണ പദ്ധതി
Integrated Child Protection Scheme (ICPS)



# ബാലവേല വിമുക്ത മലപ്പുറം

District Child Protection Unit, Malappuram

www.sjd.kerala.gov.in

## എന്താണ് ബാലവേല

18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തെ നഷ്ടപെടുത്തുന്ന രീതിയിൽ ബാല്യം അപഹരിച്ചുകൊണ്ട് അവർക്ക് ശാരീരികവും, സാമൂഹികവും, വൈകാരികവും, മാനസികവുമായ ആപൽക്കരമായ ഏതെങ്കിലും തരത്തിലുള്ള ജോലികൾ ചെയ്യിക്കുന്നതിനെയാണ് ബാലവേല എന്ന് പറയുന്നത്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് 168 മില്ല്യൺ കുട്ടികൾ ലോകത്താകമാനം ബാലവേലക്ക് ഇരയാകുന്നുണ്ട്.

### 18 വയസ്സിന് താഴെ തൊഴിലെടുക്കുന്ന എല്ലാവരും ബാലവേലക്കാരാണോ ?

**ബാലവേല നിരോധന നിയമം 1986** പ്രകാരം 14 വയസ്സിനുതാഴെയുള്ള കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് ബാലവേലയാണ്. സർക്കസ്, വർക്ക്ഷോപ്പ്, ഹോട്ടൽ, ടീ ഷോപ്പ്, റോഡ് സൈഡിലുള്ള തെരുവോര ഭക്ഷണ പാനീയ വിൽപ്പന എന്നിവകൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു.

**ബാലവേല നിരോധന ഭേതഗതി നിയമം 2016** പ്രകാരം 14 നും 18 നും ഇടയിലുള്ള കൗമാരപ്രായക്കാർക്കും ബാലവേലയിൽ നിന്നും സംരക്ഷണം നൽകുന്നു. നിയമപ്രകാരം അനുശാസിച്ചിട്ടുള്ള ഷെഡ്യൂൾ A പ്രകാരമുള്ള 18 തരം തൊഴിലുകളിലും ഷെഡ്യൂൾ B പ്രകാരമുള്ള 65 വ്യവസായ പ്രക്രിയകളിലും കൗമാരക്കാർക്കും സംരക്ഷണം നൽകുന്നു.

14 നും 18 നും ഇടയിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന്ന് **2015 ലെ ബാല നീതി നിയമവും** ഉണ്ട്. ഇത് പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ചുകൊണ്ട് നിർബന്ധിപ്പിച്ച് ജോലികൾ ചെയ്യിപ്പിക്കുന്നത് കുട്ടികൾക്കെതിരെയുള്ള ചൂഷണം എന്ന ഗണത്തിൽപെടുന്നു.

### ബാലവേലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- ബാലാവകാശ ധ്വംസനം.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.
- വിദ്യാഭ്യാസം നഷ്ടപ്പെടുന്നു.
- ശാരീരികവും മാനസികവുമായ പീഡനങ്ങൾ.
- വിട്ടുമാറാത്ത അസുഖങ്ങൾ.
- കുറഞ്ഞ വേതനം.
- ക്ലേശകരമായ ജോലി.
- ലൈംഗിക അതിക്രമം.

### ബാല വേലയിൽ കുട്ടിയാണോ എന്ന് എങ്ങിനെ ഉറപ്പ് വരുത്താം

ബാലവേലയിൽ അകപ്പെട്ടത് കുട്ടിയാണോ എന്ന് സംശായാസ്പദമായി കണ്ടെത്തിയാൽ ജില്ലാ ലേബർ ഓഫീസിലോ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലോ, തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ, ചൈൽഡ് ലൈനിലോ വിവരം അറിയിക്കുക.

കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ മുൻപിൽ ഹാജരാക്കുകയും വൈദ്യപരിശോധനക്കുശേഷം കുട്ടിയാണെന്ന് കണ്ടെത്തിയാൽ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് കുട്ടിയെ സ്വന്തം കുടുംബത്തിൽ എത്തിക്കുന്നതിന് വേണ്ട പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതാണ്. കുട്ടിയുടെ ഉത്തമ താൽപ്പര്യം പരിഗണിച്ചായിരിക്കും പുനരധിവാസം.

### ബാലവേല ശ്രദ്ധയിൽപ്പെട്ടാൽ എന്ത് ചെയ്യണം

ജില്ലയുടെ ഏതെങ്കിലും ഭാഗങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചെറുകിട വ്യവസായ ശാലകളിലും മറ്റിടങ്ങളിലും ജോലിചെയ്യുന്ന രീതിയിൽ കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ **(04832978888)**, ചൈൽഡ് വെൽഫെയർകമ്മറ്റിയെയോ, ജില്ലാ ലേബർ ഓഫീസറെയോ **(04832734814)**, ചൈൽഡ്ലൈൻ പ്രവർത്തകരെയോ **(1098)**, തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ **(100,1091)** വിവരം അറിയിക്കേണ്ടതാണ്.

വിവരം നൽകുന്ന വ്യക്തി ആരാണെന്നുള്ളത് വെളിപെടുത്തുന്നതല്ല. തികച്ചും സ്വകാര്യതയോടെ വിവരങ്ങൾ സൂക്ഷിക്കുന്നതാണ്.